# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/38/2017 പത്രക്കുറിപ്പ് 2017 ഫെബ്രുവരി 20

**പ്രാക്ടിക്കൽ പരീക്ഷ**

2017 ജനുവരിയിൽ നടത്തിയ ഒന്നാം വർഷ ബി.ഫാം സപ്ലിമെന്ററി പരിക്ഷകളുടെ പ്രാക്ടിക്കൽ ഫെബ്രുവരി 28 ന് ആരംഭിക്കും. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്ബസൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി. ഹോംസയൻസ് (പി.ജി.സി.എസ്.എസ്-ബ്രാഞ്ച് - എ, ബി, സി, ഡി, ഇ) ഡിഗ്രി പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യ നിർണയത്തിനുമുള്ള അപേക്ഷകൾ മാർച്ച് 3 വരെ സ്വീകരിക്കും. ബ്രാഞ്ച് എ യിൽ കോട്ടയം ബി.സി.എം കോളേജിലെ വിദ്യാ രാജ്, രേഷ്മ എസ്. പണിക്കർ, അക്സ ജോസഫ് എന്നിവർ യഥാക്രമം ഒന്നും രണ്ടും മുന്നും പൊസിഷനും, ബ്രാഞ്ച് ഡി യിൽ അങ്കമാലി മോർണിങ്ങ് സ്റ്റാർ ഹോം സയൻസ് കോളേജിലെ ജിഞ്ചുമോൾ മാത്യൂ, രേഖ ഷാജി എന്നിവർ ഒന്നാം പൊസിഷനും ജിസ്ന പി. ജോയ്, അഖില ഐസക് എന്നിവർ യഥാക്രമം രണ്ടും മുന്നും പൊസിഷനും, ബ്രാഞ്ച് ഇ യിൽ അനൂപ ബെന്നി, ശ്വേത രാധാകൃഷ്ണൻ എന്നിവർ യഥാക്രമം ഒന്നും രണ്ടും പൊസിഷനും ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിലെ സിമി ചാക്കോ, കോട്ടയം സി.എം.എസ് കോളേജിലെ ലിയ ബി. രാജേന്ദ്രൻ എന്നിവർ മൂന്നാം പൊസിഷനും നേടി.

2016 ഏപ്രിലിൽ നടത്തിയ ഒന്നു മുതൽ നാലു വരെ സെമസ്റ്റർ എം.എസ്സി. മാത്തമാറ്റിക്സ് (ഓഫ് കാമ്പസ്-റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മാർച്ച് 6 വരെ സ്വീകരിക്കും.

സ്ക്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ 2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ദ്വിവത്സര മാസ്റ്റർ ഓഫ് എഡ്യൂക്കേഷൻ (സി.എസ്.എസ്) ഡിഗ്രി പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

**എം.ജി സർവ്വകലാശാലാ പ്ലെയ്സ്മെന്റ് ആന്റ് ട്രെയിനംഗ് സെൽ**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ പഠനവകുപ്പുകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും വിദ്യാർത്ഥികൾക്ക് ഇന്റർവ്യൂകളിലും ഗ്രൂപ്പ് ചർച്ചകളിലും മത്സരപരീക്ഷകളിലും പരിശീലനം നൽകാനും തൊഴിൽ അവസരങ്ങളെക്കുറിച്ച് അറിവ് ലഭ്യമാക്കുന്നതിലേക്കുമായി പ്ലെയ്സ്മെന്റ് ആന്റ് ട്രെയിനിംഗ് സെൽ ആരംഭിക്കുന്നു. ആദ്യഘട്ടമായി അഫിലിയേറ്റഡ് കോളേജുകളിൽ ഡിഗ്രി/പി.ജി ക്ക് അവസാന സെമസ്റ്ററിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പരിശീലനം നൽകും. മഹാത്മാഗാന്ധി സർവ്വകലാശാലാ പ്ലെയ്സ്മെന്റ് ആന്റ് ട്രെയിനിംഗ് സെല്ലിന്റെ ഔപചാരിക ഉദ്ഘാടനം ഫെബ്രുവരി 27 ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് കോട്ടയം ബസേലിയസ് കോളേജിൽ വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ നിർവ്വഹിക്കും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**